"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാന നഴ്സസ് അവാർഡ് 2025- തെരഞ്ഞെടുപ്പിനുള്ള സമയക്രമം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2482/2026/H&FWD തീയതി,തിരുവനന്തപുരം, 28-07-2026

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 139/2024/H&FWD തീയതി, 22-01-2024

2. സ.ഉ. (സാധാ) നം.2383/2026/H&FWD തീയതി 22-07-2026

**ഉത്തരവ്**

സംസ്ഥാന നഴ്സസ് അവാർഡ് തെരഞ്ഞെടുപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2025 വർഷത്തെ സംസ്ഥാന നഴ്സസ് അവാർഡ് നിർണ്ണയത്തിനായി സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പരാമർശം (1) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി, 2025 വർഷത്തെ സംസ്ഥാന നഴ്സസ് അവാർഡിനായി അപേക്ഷകൾ സമർപ്പിക്കുന്നതിനും അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കുമുള്ള സമയക്രമം ചുവടെപ്പറയും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | **2026 സെപ്റ്റംബർ 10** |
| ലഭ്യമാകുന്ന അപേക്ഷകൾ മെഡിക്കൽ കോളേജ്/ജില്ലാതലത്തിൽ പരിശോധിച്ച ശേഷം വകുപ്പ് ആസ്ഥാനത്ത് എത്തിക്കേണ്ട അവസാന തീയതി | **2026 സെപ്റ്റംബർ 20** |
| അപേക്ഷകൾ സർക്കാരിൽ ലഭ്യമാക്കേണ്ട അവസാന തീയതി | **2026 ഒക്ടോബർ 05** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മഞ്ജുള ജി

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ് **(C1/01/2026/H&FWD).**

ഉത്തരവിൻ പ്രകാരം,

Digitally signed by
Smitha K P
Date: 28-07-2026
18:28:05
സെക്ഷൻ ഓഫീസർ